ഡിസ്ട്രിബ്യൂഷൻ നെറ്റുവർക്ക് ഗ്രാവിറ്റി മെയിൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഡിസ്ട്രിബ്യൂഷൻ നെറ്റു വർക്കിലെ ചില ഇന്റർ കണക്ഷനുകൾ മാത്രമാണ് പൂർത്തീകരിക്കുവാനുള്ളത്. തിരുമാറാടി പദ്ധതിയുടെ ജലസംഭരണികളുടേയും മറ്റും നിർമ്മാണം ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. വെൽ-കം-പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ, ട്രിറ്റ്മെന്റ് പ്ലാന്റ് എന്നിവ പിറവം, ആമ്പല്ലൂർ, തിരുമാറാടി എന്നീ മൂന്നു പദ്ധതികൾക്കും സംയുക്തമായിട്ടുള്ളതാണ്.

(എഫ്) ഉദയംപേരൂർ, ആമ്പല്ലൂർ, ഇടയ്ക്കാട്ടുവയൽ പദ്ധതികളിൽ 115254 മീറ്റർ പൈപ്പ് ഇട്ടുകഴിഞ്ഞിട്ടുണ്ട്. 1994-ൽ പൈപ്പ് ഇടീൽ ആരംഭിച്ചു.

റാന്നി നിയോജകമണ്ഡലത്തിനുള്ള ശുദ്ധജല പദ്ധതികൾ

71 (296) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റെടുത്ത ശേഷം റാന്നി നിയോജക മണ്ഡലത്തിൽ ശുദ്ധജലം എത്തിക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ എത്ര പദ്ധതികൾ ആണ് നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) 1996-97 സാമ്പത്തിക വർഷം മുതൽ 2000-01 സാമ്പത്തിക വർഷം വരെ നടപ്പാക്കിയ ഓരോ പദ്ധതിയുടെയും പേരും അതിനായി ചെലവാക്കിയ തുകയും വർഷം തിരിച്ച് വിശദമാക്കാമോ ;

(സി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും അവയ്ക്ക് ഓരോന്നിനും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ ;

(ഡി) ഈ പദ്ധതികൾ ഓരോന്നും എന്ന് കമ്മീഷൻ ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(ഇ) ഇപ്പോൾ ടെൻഷൻ ചെയ്തിരിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണ് ;

(എഫ്) ഓരോന്നിനായും മാറ്റിവെച്ചിരിക്കുന്ന തുക എത്രയാണ് ;

(ജി) ഈ നിയോജകമണ്ഡലത്തിലെ ഇനിയും കുടിവെള്ളം ലഭ്യമായിട്ടില്ലാത്ത സ്ഥലങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കുന്നതിനായി സർക്കാർ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കേന്ദ്രസർക്കാരിന്റെ രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷന്റെ അംഗീകാരം ലഭിച്ച 6 പദ്ധതികൾ, 'രണ്ടായിരാമാണ്ടിൽ എല്ലാവർക്കും കുടിവെള്ളം' എന്ന പരിപാടിയിൽ ഉൾപ്പെടുത്തി കുടിവെള്ളം തീരെയില്ലാത്തതും ഭാഗികമായി നടപ്പിലാക്കിയിട്ടുള്ളതുമായ പ്രദേശങ്ങളിലേയ്ക്ക് പൂർണ്ണതോതിൽ കുടിവെള്ളമെത്തിക്കുന്ന പരിപാടിയിൽ ഉൾപ്പെടുന്ന 8 പദ്ധതികളുടെ പണിയും

LIBRARY ARCHIVES Kerala Legislative Assembly

നടന്നുവരുന്നു. കൂടാതെ റാന്നി-പഴവങ്ങാടി-വടശ്ശേരിക്കര എന്നീ വില്ലേജുകൾക്ക് വേണ്ടി ഹഡ്കോയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകി. പ്രസ്തുത പദ്ധതിക്ക് ഹഡ്കോയുടെ ധനസഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(ബി&സി) 1996-97, 1997-98, 1998-99 എന്നീ സാമ്പത്തിക വർഷങ്ങളിൽ പദ്ധതികൾ ഒന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല. 1999-2000, 2000-2001 എന്നീ സാമ്പത്തിക വർഷങ്ങളിൽ ആരംഭിച്ചതും പണി നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികളും അതിനായി ചെലവായ തുകയും താഴെ കൊടുക്കുന്നു.

	പദ്ധതിയുടെ പേര്		ചെവലായ തുക
1.	രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷൻ പരിപാടിയുടെ സാമ്പത്തിക സഹായത്തോടെയുള്ള വലിയവ താൻ പദ്ധതി	-	7.84 ലക്ഷം
2.	താൻ പദ്ധതി മീൻകുഴി പദ്ധതി	-	14.67 ലക്ഷം
3.	താൻ പദ്ധതി മണിയാർ പദ്ധതി	-	1.55 ലക്ഷം
4.	താൻ പദ്ധതി മണക്കയം പദ്ധതി	-	4.40 ലക്ഷം
5.	താൻ പദ്ധതി മക്കപ്പുഴ പദ്ധതി	-	0.63 ലക്ഷം
6.	താൻ പദ്ധതി കുടമുരുട്ടി പദ്ധതി	-	5.01 ലക്ഷം
7.	താൻ പദ്ധതി കുറുമ്പൻമൂഴി പദ്ധതി	-	6.50 ലക്ഷം
8.	താൻ പദ്ധതി നിരേറ്റുകാവ് പദ്ധതി	-	ചെലവായിട്ടില്ല.

2000-2001 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതികളും ചെലവായ തുകയും

1.	കുടിവെള്ളം എത്തിയിട്ടില്ലാത്തതും ഭാഗികമായി ലഭിക്കുന്നതുമായ വാർഡുകളിൽ പൂർണ്ണതോതിൽ കുടിവെള്ളം എത്തിക്കുന്ന പരിപാടിയിൽ ഉൾപ്പെട്ട പെരിനാടിലെ രണ്ടാം വാർഡിലേയ്ക്കുള്ള പദ്ധതി	-	4.38 ലക്ഷം
2.	2-ാം പഴവങ്ങാടിയിലെ 6-ാം വാർഡിലേയ്ക്കുള്ള പദ്ധതി	-	4.30 ലക്ഷം
3.	2-ാം വടശ്ശേരിക്കരയിലെ 1-ാം വാർഡ്	-	7.96 ലക്ഷം
4.	2-ാം വടശ്ശേരിക്കര 3-ാം വാർഡ്	-	5.46 ലക്ഷം
5.	2-ാം വടശ്ശേരിക്കര 7-ാം വാർഡ്	-	2.63 ലക്ഷം
6.	2-ാം വടശ്ശേരിക്കര 10-ാം വാർഡ്	-	9.16 ലക്ഷം
7.	2-ാം പെരുനാട് 1-ാം വാർഡ്	-	3.25 ലക്ഷം
8.	2-ാം പെരുനാട് 3-ാം വാർഡ്	-	3.03 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മേൽപ്പറഞ്ഞ 16 പദ്ധതികളും 12/2001-ൽ കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. റാന്നി പഴവങ്ങാടി - വടശ്ശേരിക്കര എന്നീ വില്ലേജുകൾക്കുവേണ്ടി തയ്യാറാക്കി എൽ.ഐ.സി.യുടെ സാമ്പത്തിക സഹായത്തിനായി നൽകിയിട്ടുള്ള പദ്ധതി 2005-ൽ കമ്മീഷൻ ചെയ്യുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ഇ&എഫ്) ടെൻഡർ ചെയ്തിരിക്കുന്ന പുതിയ പദ്ധതികളും ഓരോന്നിനും മാറ്റിവെച്ചിരിക്കുന്ന തുകയും ചുവടെ കൊടുത്തിരിക്കുന്നു.

	പദ്ധതി		രൂപ
1.	പഴവങ്ങാടി പഞ്ചായത്തിലെ 2-ാം വാർഡിലേയ്ക്ക് പൂർണ്ണതോതിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി	-	5.44 ലക്ഷം
2.	വെച്ചൂച്ചിറ പഞ്ചായത്തിലെ 7-ാം വാർഡിലേയ്ക്ക് പൂർണ്ണതോതിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി	-	19.70 ലക്ഷം
3.	പഴവങ്ങാടി പഞ്ചായത്തിലെ 4-ാം വാർഡിലേയ്ക്ക് പൂർണ്ണതോതിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി	-	12.45 ലക്ഷം
4.	പെരിനാട് പഞ്ചായത്തിലെ 7-ാം വാർഡ്	-	8.8 ലക്ഷം
5.	റാന്നി-അങ്ങാടി പഞ്ചായത്തിലെ 1-ാം വാർഡ്	-	9.25 ലക്ഷം
6.	റാന്നി-അങ്ങാടി പഞ്ചായത്തിലെ 3-ാം വാർഡിലേയ്ക്ക് പൂർണ്ണതോതിൽ വെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി	-	10.16 ലക്ഷം
7.	പഴവങ്ങാടി പഞ്ചായത്തിലെ 7-ാം വാർഡ്	-	16.01 ലക്ഷം
8.	റാന്നി-അങ്ങാടി പഞ്ചായത്തിലെ 9-ാം വാർഡ്	-	15.69 ലക്ഷം
9.	പെരിനാട് പഞ്ചായത്തിലെ 4-ാം വാർഡ്	-	5.85 ലക്ഷം
10.	പെരിനാട് പഞ്ചായത്തിലെ 5-ാം വാർഡ്	-	4.87 ലക്ഷം
11.	രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷന്റെ സാമ്പത്തിക സഹായത്തോടെയുള്ള അരയാഞ്ഞിലിമൺ ശുദ്ധജലവിതരണ പദ്ധതി	-	13.05 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇനിയും കുടിവെള്ളം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ എൻ.സി./പി.സി. പദ്ധതിയിൽപ്പെടുത്തി പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

നെടുമങ്ങാട് വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ സ്ഥാപിക്കുന്നതിന് നടപടി

72 (297) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികളെ കുറിച്ച് 2-11-2000-ലെ അവലോകന യോഗത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഈ തീരുമാനങ്ങളിൽ ഇതുവരെ ഏതെല്ലാം നടപ്പിലാക്കിയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ;

(സി) പൊൻമുടി വരെ വ്യാപിച്ചു കിടക്കുന്ന നെടുമങ്ങാട് വാട്ടർ സബ്ഡിവിഷന്റെ അധികാരപരിധി കണക്കിലെടുത്ത് നെടുമങ്ങാട് വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ സ്ഥാപിക്കുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികളെക്കുറിച്ചുള്ള അവലോകന യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ സ്വീകരിച്ചു.

1. അരുവിക്കര പഞ്ചായത്തിലെ ഇറക്കർകോട് ഭാഗങ്ങളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതി ചെക്കുഡാമിന്റെ പണി മൂലം കമ്മീഷൻ ചെയ്യാൻ സാധിക്കാത്തതിനാൽ ഇറിഗേഷൻ വകുപ്പിൽ നിന്നും തുക ഉടനെ അടയ്ക്കാൻ ആവശ്യപ്പെടാം എന്നും ഇന്റർ കണക്ഷൻ ജോലികൾ തീർത്ത് ശുദ്ധജലം ലഭ്യമാക്കണമെന്നും തീരുമാനിച്ചു.

2. കരകുളം ശുദ്ധജല വിതരണ പദ്ധതിയുടെ ശുദ്ധീകരണശാല അടക്കമുള്ള വിപുലീകരണ പദ്ധതിയുടെ ആവശ്യമായ ഫണ്ട് എൽ. ഐ. സി./ഹഡ്കോയിൽ ഉൾപ്പെടുത്തുന്നതിന് പരിശോധിക്കാൻ തീരുമാനിച്ചു.

3. പുതുതായി സർവേ നടക്കുന്ന ആനാട് ശുദ്ധജലവിതരണ പദ്ധതിയുടെ റിപ്പോർട്ട് ഉടനെ തയ്യാറാക്കുന്നതിനും അതിന് വേണ്ടിയുള്ള ഫണ്ടിനെക്കുറിച്ച് പരിശോധിക്കുവാനും തീരുമാനിച്ചു.

4. അറവക്കുന്ന്, തണ്ണിപ്പാറ ഭാഗത്തേയ്ക്കുള്ള പൈപ്പുലൈൻ പണി ഉടനെ ആരംഭിക്കുന്നതിനും വെള്ളനാട് പദ്ധതിയിൽ പുതിയ പമ്പ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly